## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7044

11.7.2014 ലെ മറുപടിക്ക്

### അധ്യാപക ബാങ്കിൽ നിന്ന് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ശൂന്യവേതന അവധിയിൽ പോകുന്ന അധ്യാപകർക്കുപകരം ലീവ് വേക്കൻസിയിൽ അധ്യാപകരെ നിയമിക്കേണ്ടത് അധ്യാപക ബാങ്കിൽ നിന്ന് വേണമെന്ന് സർക്കുലർ ഇറക്കിയിട്ടുണ്ടോ ; | (എ) | 1.10.2011 ലെ സ.ഉ.199/11/പൊവിവ ഉത്തരവിന്റെ ഖണ്ഡിക 6 B(X) 6 C (ii) എന്നിവ പ്രകാരം അവധി ഒഴിവിൽ അദ്ധ്യാപകബാങ്കിൽ നിന്നും മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ. കൂടാതെ 25.10.2011 ലെ 60930/ജെ2/11/പൊവിവ എന്ന വിശദീകരണം പ്രകാരം 1.10.2011 ന ശേഷമുള്ള അവധി ഒഴിവുകളിൽ അദ്ധ്യാപകബാങ്കിൽ അദ്ധ്യാപകർ ലഭ്യമല്ലെങ്കിൽ പ്രസ്തുത നിയമനം ദിവസവേതനാടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു. |
| (ബി) | അധ്യാപക ബാങ്കിൽ മതിയായ അധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം നടത്താൻ നിലവിൽ കഴിയുമോ; | (ബി) യും (സി) യും | ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാവുന്നതാണ്. |
| (സി) | ഇല്ല എങ്കിൽ പ്രസ്തുത തസ്തികകൾ നികത്താൻ എന്തുമാർഗ്ഗമാണ് സ്വീകരിക്കുക എന്ന് വിശദമാക്കുമോ? | | |

സെക്ഷൻഓഫീസർ